
# ദൈവനിശ്വസ്തത്



EARN DIPLOMA IN

# Advanced Biblical Studies

**ELIGIBILITY :**

**Those who are already preaching in the field**

## Course Duration : Six Months

Courses stream lined and effectively taught by Experienced faculty.

Every lesson is useful and result oriented to those men working across the countries hard field. Courses being taught in an environment where one canusee practically and learn things. Men or husband and wife of 18 years and above can take this Course.

***Scholarship Available***

★ ★ ★ ★ ★ ★

**CHALLENGE EXAMINATION**

**To Earn Degree leading to the**

# Bachelor of Biblical Studies

Any long time preacher, preaching for more than 7 years with out any age or educational bar can take the Examination in one sitting.

**Eligibility**

1. A proof of more than 7 years of preaching in the field.
2. Must submit a thesis on a assigned subject.
3. Must take Examination in a designated place.

Write for further details with the enclosed self addressed 9" x4" envelope along with 2 passport sized photos and a money order of Rs. 20/- for the prospectus.

**Call or Write today**

**Registrar,**

**The National Bible College,**

**13, Sainagar, Madras - 600082. India.**

**Telephone : (044) 537-0882.**

**"Churches of Christ salute you !"**

# THE BIBLE TRUTH

**Editors**

**P. K. VARGHESE** ooo **J. C. CHOATE**

ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol: 8** **October 1994** **No. 7**


തർക്കവും വാദവും നിസ്സാരമായ കാര്യങ്ങളിൽ നടത്തി തങ്ങളുടെ പ്രാഗൽഭ്യം പ്രകടിപ്പിക്കുന്നവരെ നമുക്കു സമൂഹത്തിൽ കാണാം. സൃഷ്ടിപരമായ വാദം നല്ലതു തന്നെ. പക്ഷെ ആവശ്യമില്ലാത്ത കാര്യങ്ങളെ ഉചിതമായി കാണാൻ കഴിയാത്തവരാണ് ഇവർ. സത്യത്തെ തുറന്ന മനസ്സോടെ സ്വീകരിക്കാനുള്ള കഴിവില്ലായ്മയും ചിലരെ തർക്കത്തിലേക്കു നയിക്കാറുണ്ട്. ന്യായോചിതമായി ഏതൊന്നിനേയും വിലയിരുത്താൻ കഴിവുള്ളവർ തങ്ങളുടെ അറിവ് പൂർണ്ണമാണ് എന്ന് വരുത്തിതീർക്കാറില്ല. നമുക്ക് അറിയാം ഈ ലോകത്തിലെ ഏതൊരു പണ്ഡിതനും ലഭിച്ചിരിക്കുന്ന അറിവ് ലോകത്തിൽ നിന്നാണെങ്കിൽ അതു ഭോഷത്വമാണ്. ദൈവീകപരിജ്ഞാനം പൂർണ്ണവും സത്യവുമാണ്. ദൈവത്തിന്റെ അറിവ് വെളിപ്പെടുത്തിയിരിക്കുന്ന തിരുവെഴുത്തിനോടു വാദിക്കുന്നതു ദൈവത്തോടു വാദിക്കുന്നതിന് തുല്യമാണ്. മെനഞ്ഞവനോടു നീ ഇങ്ങനെ മെനഞ്ഞതു എന്ത് എന്നു ചോദിക്കുവാൻ ആർക്കാണ് അധികാരം ? മനുഷ്യനു ദൈവം നൽകിയിരിക്കുന്ന ഏക വെളിപ്പാട് ബൈബിളിലെ കൽപനകളും ഉപദേശങ്ങളും ആണ്. വാദിക്കാതെ, തർക്കിക്കാതെ, തള്ളിക്കളയാതെ താഴ്മയോടെ അതു അനുസരിക്കുക. അങ്ങനെയായാൽ നിങ്ങൾ ഒരിക്കലും ദൈവമുൻപാകെ ലജ്ജിക്കപ്പെടുകയില്ല.



# ഇപ്പോഴാകുന്നു രക്ഷാദിവസം

## J. C. ചോട്ട്

ബൈബിളിൽ "ഇന്ന് ആകുന്നു രക്ഷാദിവസം" എന്നു പറയുമ്പോൾ ചില ആളുകൾ പഠിപ്പിക്കുന്നതു സ്നാനത്തോടുള്ള അനുസരണം നീട്ടിവെക്കാമെന്നാണ്. ഇതു ശരിയായ ഉപദേശമാണോ ?

ബൈബിൾ പ്രബോധിപ്പിക്കുന്നതു തീർച്ചയായും "ഇപ്പോൾ ആകുന്നു സുപ്രസാദകാലം, ഇപ്പോൾ ആകുന്നു രക്ഷാദിവസം (2 കൊരിന്ത്യർ 6:2). ദിവസം എന്നു പറയുമ്പോൾ അക്ഷരികമായ ഇപ്പോഴത്തെ ദിവസത്തെയോ അല്ലെങ്കിൽ ഒരാൾ ജീവിക്കുന്ന കാലയളവിനെയോ സൂചിപ്പിക്കുന്നതാണ് എന്ന് ഒരാൾ ചിന്തിച്ചേക്കാം. അതേ സമയത്തു വചനം മറ്റൊന്നു കൂടെ പഠിപ്പിക്കുന്നുണ്ട്; നമ്മുടെ രക്ഷയെ നാം അവഗണിക്കരുതു എന്നതാണ് അതു (എബ്രായർ 2:2). ഈ തത്വം ക്രിസ്തുവിനും നമുക്കും ബാധകമായ രീതിയിൽ സംസാരിക്കുന്നുണ്ട്: "എന്നെ അയച്ചവൻെറ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു. ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു"
(യോഹന്നാൻ 9:4).

ഒരാൾ പാപത്തിൽ ആയിരിക്കുമ്പോൾ നഷ്ടപ്പെട്ടവനാകുമ്പോൾ, പ്രത്യാശയില്ലാത്ത അവസ്ഥയിൽ ദൈവത്തിൻെറ രക്ഷക്കുള്ള സത്യം എന്താണെന്നു മനസിലാക്കി കഴിഞ്ഞിട്ടും തൻെറ രക്ഷയെ ഒരാൾ നീട്ടിക്കൊണ്ടു പോകുന്നതു എന്തിന്? ഭൗതികമായ ഏതെങ്കിലും ഒരു നല്ല കാര്യം അനുകൂലമായി കിട്ടിയാൽ അതു പിന്നീട് ആകട്ടെ എന്നു പറഞ്ഞ് ആരെങ്കിലും നീട്ടിവെക്കുമോ ? ദൈവത്തിലും തൻെറ പുത്രനിലും ഒരാൾ ഇപ്പോൾ തന്നെ വിശ്വസിക്കണം (യോഹന്നാൻ 8:24). തൻെറ രക്ഷയെ കുറിച്ചു ഗൗരവമായി

ചിന്തിച്ചു മനസിലാക്കിയ ഒരാൾ, തന്നെ നശിപ്പിക്കുന്ന പാപത്തിൽ നിന്നും തിരിയേണ്ടതു ആവശ്യമാണ്. അവൻ അതു ഇപ്പോൾ തന്നെ ചെയ്യണം (റോമർ 6:23; പ്രവൃത്തി 2:38). ഒരാൾ ക്രിസ്തുവിനെ വിശ്വസിക്കുകയാണെങ്കിൽ അവൻ ദൈവപുത്രനാണെന്ന് ഏററു പറയുവാൻ എന്തിനു മറെറാരു സന്ദർഭത്തിലേക്കു മാററിവെക്കണം ? (മത്തായി 10:32, 33). അതുപോലെ തന്നെ സുവിശേഷത്തിൽ പഠിപ്പിച്ചിട്ടുള്ള കാര്യങ്ങളെല്ലാം ഗ്രഹിച്ച വ്യക്തി പാപമോചനത്തിനായുള്ള മുങ്ങൽ സ്നാനം രക്ഷക്കു അത്യന്താപേക്ഷിതമാണെന്ന് ഗ്രഹിച്ചു കഴിഞ്ഞാൽ ഉടനെ തൻെറ വിശ്വാസം അനുസരണത്തിൽ പൂർത്തീകരിക്കണം (മർക്കൊ. 16:15, 16). ഇപ്പോൾ കർത്താവിനെ അനുസരിക്കുന്നതിനേക്കാൾ നല്ല ഒരു സമയം മറെറപ്പോഴാണ്? നിത്യജീവൻെറ പ്രത്യാശയും പാപമോചനവും രക്ഷയും ഇപ്പോൾ സാദ്ധ്യമായിരിക്കെ ആരാണ് അതു നീട്ടിവെക്കുന്നത് ?

സത്യം കേട്ടു കഴിഞ്ഞപ്പോൾ ഉടനെ കർത്താവിനെ അനുസരിക്കുന്ന ഉദാഹരണങ്ങൾ നമ്മെ വേദപുസ്തകം ബോധ്യപ്പെടുത്തിയിട്ടുണ്ട്. അവരാരും മറെറാരവസരത്തിൽ ആകട്ടെ എന്നു പറഞ്ഞ് മാററി നിർത്തിയില്ല. എത്യോപ്യക്കാരനായ ഷണ്ഡനെ ഫിലിപ്പൊസ് സുവിശേഷം അറിയിച്ചു. അവൻ ക്രിസ്തുവിനെ കുറിച്ചാണ് പ്രസംഗിച്ചതു; അതിൽ സ്നാനവും അടങ്ങിയിരിക്കുന്നു. അതു രക്ഷക്കായി കർത്താവ് ആവശ്യപ്പെട്ടിട്ടുള്ളതുമാകുന്നു. അങ്ങനെ അവർ തേരിൽ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ വെള്ളമുള്ളോരു സ്ഥലത്തു എത്തിയപ്പോൾ ഷണ്ഡൻ ഫിലിപ്പൊസിനോട്: ഇതാ വെള്ളം എനിക്കു സ്നാനമേൽക്കുവാൻ എന്ത് വിരോധം "എന്നു ചോദിച്ചു. അതിനു ഫിലിപ്പൊസ്, "നീ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ ആകാം" എന്നു പറഞ്ഞു. യേശു ക്രിസ്തു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു എന്നു അവൻ ഉത്തരം പറഞ്ഞു. അങ്ങനെ അവൻ തേർ നിർത്തുവാൻ കൽപിച്ചു. ഫിലിപ്പൊസും ഷണ്ഡനും

ഇരുവരും വെള്ളത്തിൽ ഇറങ്ങി. അവൻ അവനെ സ്നാനം കഴിപ്പിച്ചു. അവർ വെള്ളത്തിൽ നിന്നു കയറിയപ്പോൾ കർത്താവിന്റെ ആത്മാവ് ഫിലിപ്പോസിനെ എടുത്തു കൊണ്ടുപോയി. ഷണ്ഡൻ അവനെ പിന്നെ കണ്ടില്ല. അവൻ സന്തോഷിച്ചുകൊണ്ടു തന്റെ വഴിക്കുപോയി

(പ്രവൃത്തി 8:36-39).

പിന്നെ ലുദിയയുടേയും കുടുംബത്തിന്റേയും ഉദാഹരണം അപ്പൊസ്തല പ്രവൃത്തികൾ 16-ാം അദ്ധ്യായത്തിൽ വായിക്കുന്നുണ്ട്. കാരാഗൃഹപ്രമാണിയുടെ അനുസരണ മാതൃകയും അതേ അദ്ധ്യായത്തിൽ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. ലേഖകൻ വിവരിക്കുന്നതു: വചനം കേട്ടപ്പോൾ കർത്താവു അവളുടെ ഹൃദയം തുറന്നു. അവളും കുടുംബവും സ്നാനം ഏററു. എപ്പോഴാണ്? വചനം കേട്ടപ്പോൾ. കൂടാതെ പൌലോസും ശീലാസും അൽഭുതകരമായി കാരാഗൃഹത്തിൽ നിന്നു രക്ഷപ്പെട്ടപ്പോൾ കാരാഗൃഹപ്രമാണി തന്റെ ജീവൻ ഒടുക്കികളവാൻ ശ്രമിക്കയാണ്. നമുക്കു ആ ഭാഗം വായിക്കാം. അപ്പോൾ പൌലൊസ്; നിനക്കു ഒരു ദോഷവും ചെയ്യരുതു; ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലോ എന്നു ഉറക്കെ വിളിച്ചു പറഞ്ഞു. അവൻ വെളിച്ചം ചോദിച്ചു അകത്തേക്കു ചാടി വിറെച്ചുംകൊണ്ടു പൌലോസിന്റെയും ശീലാസിന്റേയും മുൻപിൽ നിന്നു, അവരെ പുറത്തുകൊണ്ടുവന്നു; യജമാനൻമാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു. കർത്താവായ യേശുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും എന്നു അവർ പറഞ്ഞു. പിന്നെ അവർ കർത്താവിന്റെ വചനം അവനോടും അവന്റെ വീട്ടിലുള്ള എല്ലാവരോടും പ്രസംഗിച്ചു. അവൻ രാത്രിയിൽ ആ നാഴികയിൽ തന്നെ അവരെ കൂട്ടിക്കൊണ്ടുപോയി അവരുടെ മുറിവുകളെ കഴുകി; താനും തനിക്കുള്ളവരെല്ലാവരും താമസിയാതെ സ്നാനം ഏററു (പ്രവൃ. 16:28-33). സുവിശേഷം കേട്ടവർ ആരും തന്നെ സ്നാനപ്പെടുവാൻ

അടുത്ത ആഴ്ചയാകട്ടെ, അടുത്ത മാസമാകട്ടെ; അല്ലെങ്കിൽ മറ്റൊരു സമയത്താകട്ടെ എന്നു പറഞ്ഞതായി ബൈബിളിൽ ഒരിടത്തും കാണുന്നില്ല; മറിച്ച് അവർ ഉടനെ സ്നാനം ഏററ തെളിവുകൾ ആണ് ഉള്ളതു.

ഒരാൾ സുവിശേഷം കേൾക്കുകയോ തിരുവെഴുത്തിൽ നിന്നും വായിക്കുകയോ ചെയ്തു അതിനെ കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരാളാണെങ്കിൽ, അയാൾ ചെയ്യേണ്ടതു എല്ലാം മനസിലാക്കിയിട്ടുണ്ടോ എന്നറിയാൻ ചോദ്യം ചെയ്യുന്നതു വാസ്തവമാണ്. ഏതു കാര്യവും സ്ഥിരീകരിക്കേണ്ടതു അനിവാര്യമാണ്. ഏതെങ്കിലും ഭാഗം അയാൾക്കു തീർച്ചയില്ലെങ്കിൽ ആ വ്യക്തിക്കു കൂറെ കൂടെ പഠനം ആവശ്യമാണ്. സ്നാനപ്പെടുന്നതിനു മുൻപ് പ്രബോധനങ്ങൾ വെളിപ്പെടുത്തിയിരിക്കണം. ശരിയായ ഉപദേശം കൂടാതെ സുവിശേഷത്തിന്റെ ശരിയായ ഫലം കിട്ടുകയില്ല. ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവെക്കാതെ പഠിപ്പിക്കേണം.

ഒരാൾ മറ്റൊരാളെ സുവിശേഷം അറിയിക്കുമ്പോൾ, സുവിശേഷം വാസ്തവത്തിൽ എന്താണെന്ന് അയാൾക്കു വ്യക്തമായി മനസ്സിലായാൽ രക്ഷിക്കപ്പെടുവാനുള്ള കൽപനകൾ എല്ലാം അനുസരിക്കേണ്ട ബാദ്ധ്യത അയാളിൽ ഉണ്ട്. അതിനുശേഷം സുവിശേഷകൻ അയാളെ സ്നാനപ്പെടുത്തുവാൻ മതിയായത്ര വെള്ളമുള്ള സ്ഥലത്തേക്കു ആനയിക്കണം. അങ്ങനെ അയാളെ യേശുക്രിസ്തുവിന്റെ നാമത്തിൽ പാപമോചനത്തിനായി സ്നാനം ഏൽപിക്കണം. അതു വെള്ളത്തിൽ മുങ്ങൽ സ്നാനവുമായിരിക്കണം. സുവിശേഷം പ്രസ്താവിക്കുന്ന വ്യക്തി അതുവരെ ആരെയും സ്നാനപ്പെടുത്തിയിട്ടില്ലെങ്കിൽ വചനാനുസരണം സ്നാനപ്പെടുത്തുവാൻ പരിചയമുള്ള ഒരാളെ കണ്ടെത്തണം. ആ വ്യക്തി സുവിശേഷം അനുസരിക്കുന്നതു ഒരു കാരണവശാലും നീട്ടിവെക്കരുതു. സ്നാനപ്പെടുത്തു

വാൻ ആളില്ലെന്നോ സമയമില്ലെന്നോ ഉള്ള ഒഴിവ് കഴിവ് തടസ്സമായി തീരരുതു. ഒരു പ്രത്യേക സുവിശേഷകനോ ഉപദേഷ്ടാവോ എത്തുന്നതുവരെ മാസങ്ങളോളമോ, ആഴ്ചകളോളമോ നീട്ടിവെക്കുന്ന രീതിയും അപകടകരമാണ്; വചനവിരുദ്ധവുമാണ്. രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്ന ആൾ ദൈവത്തെ ഇപ്പോഴാണ്, ഇന്നാണ് ദൈവത്തെ അനുസരിക്കേണ്ടതു. അതിൽ ക്രിസ്തു പഠിപ്പിച്ച വെള്ളത്തിൽ അടക്കമാകുന്ന സ്നാനവും ഉൾപ്പെട്ടിരിക്കുന്നു (മർക്കൊസ് 16:16). അനാവശ്യമായ വൈകലിൽ, വൈകിക്കലിൽ ദൈവം പ്രസാദിക്കുന്നില്ല.

താമസിപ്പിക്കുന്നതുകൊണ്ട് മറ്റൊരു പ്രശ്നം ഉള്ളതു എന്തെന്നാൽ അയാൾ അതു വളരെക്കാലത്തേക്കു നീട്ടിക്കൊണ്ടുപോകാൻ സാദ്ധ്യതയുണ്ട്. മറ്റുള്ളവരുടെ പ്രേരണയാൽ ഉത്സാഹം നഷ്ടപ്പെടും, അല്ലെങ്കിൽ ദുരുപദേഷ്ടാക്കളുടെ ചതിയിൽ അകപ്പെടും. അല്ലെങ്കിൽ പെട്ടെന്ന് മരിച്ചുപോകാം. സുവിശേഷം അനുസരിക്കുവാനും സ്നാനം ഏൽക്കുവാനും തീരുമാനം എടുത്തു നീട്ടിവെച്ച അനേകം ആളുകൾക്കു അതിനുള്ള അവസരം ലഭിക്കാതെ മരണപ്പെട്ടുപോയ സംഭവങ്ങൾ വളരെയുണ്ട്. പിന്നീടാകട്ടെ എന്ന തോന്നൽ പിന്നെ ഒരിക്കലും നടക്കാതെ വന്നാൽ എത്ര ഖേദകരമാവും അതു എന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ ? ഇത്ര വലിയ രക്ഷ, നിസ്സാരമായ കാരണങ്ങളാൽ താമസിപ്പിച്ചതുകൊണ്ട് നഷ്ടപ്പെട്ടാൽ അത്രത്തോളം ലജ്ജാകരമാണ്. ആഗ്രഹമുണ്ടായിരുന്നു, തീരുമാനമെടുത്തതാണ്. പക്ഷെ വൈകിപ്പോയാൽ നമ്മുടെ സൗകര്യത്തിനു വേണ്ടി സമയം കാത്തു നിൽക്കയില്ല.

നമ്മുടെ ഉപേക്ഷകൊണ്ട് നഷ്ടപ്പെടുത്തുന്ന അനേകം കാര്യങ്ങൾ ഭൗതികമായി എടുത്തു കാണിക്കാൻ കഴിയും. ആത്മീയമായ ഉപേക്ഷ നിത്യമായ ദുഃഖത്തിനിരയായി തീരും. പെട്ടെന്നായിരിക്കും നഷ്ടപ്പെടുന്ന സാഹചര്യം കടന്നുവരുന്നതു. നാം എപ്പോഴും ഓർമ്മിക്കേണ്ട കാര്യ

മാണ് രക്ഷ. ആത്മാവിന്റെ മോചനം നാം ദൈവനിയമം അനുസരിച്ച് ദൈവകരങ്ങളിൽ ഏൽപ്പിക്കണം. ഇപ്പോഴാണ് രക്ഷാദിവസം; ഇപ്പോഴാകുന്നു നല്ല സമയം, ഇപ്പോഴാകുന്നു സൗകര്യമുള്ള സമയം. പിന്നെ എന്തു സംഭവിക്കും എന്നു മനുഷ്യർക്കു ആർക്കും അറിഞ്ഞുകൂടാ. ഇന്നു തന്നെ നിങ്ങൾ സുവിശേഷം അനുസരിക്കും എന്നാണ് എന്റെ പ്രതീക്ഷ.

★

# മതപരമായ കാര്യങ്ങൾ തെററായി ഉപയോഗിക്കുന്നതു

**മൈക്കിൾ ഡി. ജി.**

ശമൂവേൽ ഇസ്രായേലിന്റെ ന്യായാധിപൻ ആയിരുന്ന സമയത്ത് ഇസ്രായേല്യരും ഫെലിസ്ത്യരും തമ്മിൽ യുദ്ധത്തിൽ ഏർപ്പെട്ടിരുന്നു. ആ ആക്രമണത്തിൽ ഇസ്രായേലിനു നല്ല രീതിയിൽ പൊരുതാൻ കഴിഞ്ഞില്ല. തന്നെയുമല്ല, 4,000 പേർ നഷ്ടപ്പെടുകയും ചെയ്തു. ഇസ്രായേലിലെ മൂപ്പൻമാർ തോൽവിയുടെ കാരണം കണ്ടെത്തിയതു, യഹോവയുടെ പെട്ടകം അവരോടൊപ്പം ഇല്ല എന്നതായിരുന്നു. അങ്ങനെ യഹോവയുടെ പെട്ടകം പാളയത്തിലേക്കു കൊണ്ടുവരുവാൻ തീരുമാനമെടുത്തു. ഇതു നമ്മെ നമ്മുടെ ശത്രുക്കളിൽ നിന്നു രക്ഷിക്കും എന്ന് അവർ വിചാരിച്ചു. വീണ്ടും യുദ്ധം ആരംഭിച്ചു. പക്ഷേ അവർക്കു അതുകൊണ്ടും വിജയിക്കാനായില്ല. ഈ പ്രാവശ്യം 30,000 ഇസ്രായേൽ സൈന്യങ്ങൾ കൊല്ലപ്പെട്ടു. നിയമപെട്ടകം കൂടെ അവർ പിടിച്ചെടുത്തു കൂടുതൽ മോശമാക്കിത്തീർത്തു (1 ശമൂവേൽ 4:4-11).

ഇസ്രായേൽ ഒരുപക്ഷെ കലക്കത്തിൽ ആയിരുന്നിരിക്കാം. എന്തുകൊണ്ടു നിയമപെട്ടകം അവരെ വിജയത്തിൽ എത്തിച്ചില്ല? മുൻപെല്ലാം അവരെ വിജയിപ്പിച്ചതു യഹോവയുടെ നിയമപെട്ടകസാമീപ്യം മാത്രമല്ല, മറിച്ച് അവർ ദൈവത്തെ അനുസരിച്ചതുകൊണ്ടുള്ള അനുഗ്രഹവും നിമിത്തമാണ് എന്നു തിരിച്ചറിയാൻ അവർക്കു കഴിയാതെ പോയി (പുറപ്പാട് 23:20-33). ദൈവത്തോടു അനുസരണം കാണിക്കാതെ യുദ്ധത്തിൽ ജയിക്കാനുള്ള ഉപകരണമായി മാത്രം നിയമപെട്ടകത്തെ ഉപയോഗിച്ചു ദൈവത്തിന്റെ നിയമപെട്ടകം അവർ തെറ്റായി ഉപയോഗിക്കുകയായിരുന്നു. അവരുടെ യുദ്ധത്തിൽ അവരെ ജയിപ്പിക്കുമെന്ന ഉറപ്പിന്റെ അടയാളമായിട്ടല്ല അതു നൽകിയതു. എപ്പോഴെല്ലാം നാം മതപരമായ കാര്യങ്ങൾ തെറ്റായി ഉപയോഗിച്ചിട്ടുണ്ട് എന്നു ഞാൻ ആശ്ചര്യപ്പെടുന്നു.

ക്രിസ്ത്യാനി എന്ന നാമം ഇന്നു തെറ്റായി ഉപയോഗിക്കുന്നുണ്ട്. സുവിശേഷം അനുസരിച്ച ശിഷ്യൻമാരെ സൂചിപ്പിക്കുന്നതിനാണ് വചനത്തിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നതു (പ്രവൃത്തി 11:26; 1 പത്രോസ് 4:16). ഒരാൾ ബഹുമാനിക്കേണ്ട അനുഗ്രഹീതമാണ് അതു. അതിനു കൊടുത്ത വില എത്ര വലിയതു! എന്നിട്ടും ആളുകൾ അതിനെ വിവേചനാരഹിതവും നിരർത്ഥകവുമായി ഉപയോഗിക്കുകയാണ്. ആളുകൾക്കു മാത്രമല്ല, സ്കൂളുകൾക്കും പള്ളികൾക്കും സ്ഥാപനങ്ങൾക്കും എല്ലാം ഈ നാമം ഇന്നു ഉപയോഗിച്ചുവരുന്നു. അവസാനം ഇനി എന്തിനെല്ലാം ഈ പേര് ഉപയോഗിക്കും എന്ന് കണ്ടറിയണം.

ദുരുപയോഗത്തിലിരിക്കുന്ന മറ്റു വാക്കുകളാണ് "അത്ഭുതം" "സുവിശേഷസംഗീതം" "പാസ്റ്റർ" "സഭ" എന്നിവയെല്ലാം. എന്നാൽ ഏറ്റവും ദുഷിക്കപ്പെടുന്ന രീതിയിൽ ദൈവത്തിന്റേയും അവന്റെ പുത്രനായ ക്രിസ്തുവിന്റേയും നാമം ഉപയോഗിച്ചുവരുന്നതു

കാണുമ്പോൾ വേദന തോന്നും. ധാരാളം പേർക്ക് ഈ നാമങ്ങൾ അവരുടെ വാചകത്തിലെ വിടവുകൾ നികത്താൻ മാത്രം ഉപയോഗിക്കുന്ന വാക്കുകളാണ്. അവയുടെ ഉദ്ദേശിക്കപ്പെട്ട അർത്ഥമൊന്നും അവർക്കു പ്രശ്നമേ അല്ല. ''അവന്റെ നാമം വിശുദ്ധവും ഭയങ്കരവുമാകുന്നു എന്നത്രെ സങ്കീർത്തനക്കാരൻ രേഖപ്പെടുത്തിയിരിക്കുന്നതു (സങ്കീർത്തനം 111:10). നാം ദൈവനാമം ഒരിക്കലും വ്യർഥാവായി എടുക്കരുതു. ദൈവത്തിന്റേയും അവന്റെ പുത്രന്റേയും നാമം നാം ബഹുമാനത്തോടെ മാത്രമെ എടുക്കാവൂ (പുറപ്പാട് 20:7).

സഭയുടെ പ്രവർത്തനങ്ങളും തെറ്റായി ഉപയോഗിച്ച് കാണാറുണ്ട്. സാമൂഹ്യസേവനത്തിലോ രാഷ്ട്രീയത്തിലോ വ്യാപരിക്കേണ്ട ഒന്നല്ല സഭ. എന്നിട്ടും അനേകം സഭകൾ സാമൂഹ്യപ്രവർത്തനത്തിലും രാഷ്ട്രീയകാര്യങ്ങളിലും ഏർപ്പെടുന്നു. എന്നാൽ സഭയുടെ പ്രവർത്തനം ലോകത്തെ സുവിശേഷീകരിക്കയും അംഗങ്ങളെ ആത്മീയ വർദ്ധനക്കായി പ്രബോധിപ്പിക്കയും ചെയ്യുക എന്നതാണ് പരമാർത്ഥത്തിൽ സഭയുടെ പ്രവർത്തനം. നാം വെളിച്ചവും ഉപ്പും ആയിരിക്കണം എന്നതു വാസ്തവമാണ്. പക്ഷെ ലോകത്തെ മാററി മറിക്കാനുള്ള ശക്തി സുവിശേഷത്തിലാണ്. അതുകൊണ്ട് സുവിശേഷം ലോകത്തിൽ പ്രസംഗിക്കയും മററുള്ളവരുടെ മുൻപിൽ ദൈവവചനം അനുസരിച്ചു ജീവിക്കയും വേണം. അല്ലാതെ സാമൂഹികോദ്ധാരണമോ രാഷ്ട്രീയ നടപടികളോ അല്ല.

പ്രസംഗപീഠവും ധാരാളം പേർ ദുരുപയോഗപ്പെടുത്തുന്നുണ്ട്. ഒരാളുടെ അഭിപ്രായം തുറന്നു വിടുവാനുള്ള, തർക്കിക്കുവാനുള്ള സംശയിപ്പിക്കുന്ന വിദ്വേഷജനകമായ രീതിയിലുള്ള വാക്കുകൾ തൊടുത്തു വിടുവാനുള്ള വേദിയല്ല അതു (1 തിമൊഥെയോസ് 6:3-5). മനുഷ്യരെ രക്ഷി

ക്കുന്നതിനും ആത്മികവർദ്ധന വരുത്തുന്നതിനും ഉതകുന്ന ദൈവവചനമായിരിക്കണം അവിടെ നിന്നു പ്രസംഗിക്കേണ്ടതു (2 തിമൊഥെയോസ് 3:13; 4:5). മതപരമായി നാം ഒന്നും ദുരുപയോഗം ചെയ്യുകയില്ല എന്നു നമുക്കു തീരുമാനം എടുക്കാം.

★

**സ്ത്രീകൾക്കുമാത്രം**

# വീട്ടിലെ അവളുടെ ശക്തിയിലൂടെ

**ബെററി B. C.**

അബ്രഹാം ദൈവത്തെ വിശ്വാസത്തോടെ പിൻപററിയിരുന്ന ഒരാളായതുകൊണ്ട് ദൈവം അവനോടു അരുളിച്ചെയ്തു. "ഞാൻ നിന്നെ വലിയൊരു ജാതിയാക്കും. നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും; നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും" (ഉൽപത്തി 12:2-3). തന്റെ ഭാര്യയെയും മക്കളേയും യഹോവയുടെ ഉപദേശപ്രകാരം നീതിയിൽ സഞ്ചരിപ്പാൻ അവരെ പ്രബോധിപ്പിക്കയും ചെയ്തു. യഹോവയുടെ ചട്ടങ്ങളും പ്രമാണങ്ങളും തന്റെ ഭവനത്തിനു മാർഗ്ഗദർശനമായിത്തീർന്നു.

അബ്രഹാമിന്റെ മകൻ ഇസഹാക്ക് ദൈവത്തിൽ വിശ്വസ്തനായി ജീവിച്ചുവന്നു. അവനു രണ്ടു പുത്രൻമാരുണ്ടായിരുന്നു; യാക്കോബും, ഏശാവും. ഏശാവ് വളർന്നപ്പോൾ അവൻ അന്യദേശക്കാരത്തികളായ സ്ത്രീകളെ

വിവാഹം ചെയ്തു. അതുകൊണ്ട് അവന്റെ സന്തതികൾ ആ സ്വാധീനത്താൽ അന്യദേവൻമാരിലേക്കു തിരിയുകയുമുണ്ടായി. ഏശാവിന്റെ വിഗ്രഹാരാധികളായിരുന്ന ഭാര്യമാരെ കുറിച്ചു ഉൽപത്തി 26-ാം അദ്ധ്യായം 34-ാം വാക്യത്തിൽ പറയുന്നുണ്ട്. അക്കാരണത്താൽ ഇസഹാക്കിനും റിബേക്കയും മനോവ്യസനമുണ്ടായതായും വ്യക്തമാക്കിയിരിക്കുന്നു. ''പിന്നെ റിബേക്കാ യിസഹാക്കിനോടു: ഈ ഹിത്യ സ്ത്രീകൾ നിമിത്തം എന്റെ ജീവൻ എനിക്കു അസഹ്യമായിരിക്കുന്നു; ഈ ദേശക്കാരത്തികളായ ഇവരെപ്പോലെയുള്ള ഒരു ഹിത്യസ്ത്രീയെ യാക്കോബ് വിവാഹം കഴിച്ചാൽ ഞാൻ എന്തിനു ജീവിക്കുന്നു ? എന്നു പറഞ്ഞു (ഉൽപത്തി 27:46).

ദൈവത്തിലുള്ള വിശ്വാസത്തിൻമേലാണ് ഭവനം തീർക്കേണ്ടതെന്നും വിവാഹത്തിന്റെ യഥാർത്ഥ ആവശ്യത്തെയും റിബെക്കാ തിരിച്ചറിഞ്ഞിരുന്നു. അതു ഭാര്യയുടേയും ഭർത്താവിൻേറയും ഹൃദയത്തിൽ നിന്നും ഉൽഭവിക്കയും വേണം. ചരിത്രം മുഴുവനും പരിശോധിച്ചാൽ ഇതെത്ര മാത്രം പ്രാധാന്യമർഹിക്കുന്ന വസ്തുതയാണെന്നു മനസിലാക്കാം. വിശ്വാസത്തിൽ തുല്യനിലവാരം പുലർത്തുന്നവനു മാത്രമെ വിവാഹം കഴിക്കാവു എന്നു പഠിപ്പിക്കുന്ന രക്ഷകർത്താക്കൾ എത്ര ബുദ്ധിയുള്ളവരാണെന്നു ഓർമ്മിക്കുക. അതുകൊണ്ട് ഉണ്ടാകുന്ന അനുഗ്രഹം എത്ര മാന്യമായതാണ് എന്ന് അനുഭവം തെളിയിക്കും.

റിബെക്കായുടെ നിർബ്ബന്ധപ്രകാരമാണ് യാക്കൊബ്, തന്റെ അമ്മയുടെ സഹോദരനായ ലാബാന്റെ ഹാരാനിലെ വീട്ടിലേക്കു പോയതു. അവിടെ അവർ തന്റെ ചാർച്ചയിൽ പെട്ട സഹോദരിയായ റാഹേലിനെ കണ്ടുമുട്ടി. അവളോ ഏക സത്യദൈവത്തെ വണങ്ങി വന്നവളായിരുന്നു. ഉടനെ അവൻ അവളെ അഗാധമായി സ്നേഹിച്ചു. അതുകൊണ്ട് അവളെ ഭാര്യയായി കിട്ടുവാൻ വർഷങ്ങളോളം അവൻ

അവിടെ സേവനം നടത്തി. അങ്ങനെ യാക്കോബ് റാഹേലിനുവേണ്ടി ഏഴു സംവത്സരം സേവ ചെയ്തു; അവൻ അവളെ സ്നേഹിക്കകൊണ്ടു അതു അവനു അൽപകാലം പോലെ തോന്നി (ഉൽപത്തി 29:20). അതിന്റെ അവസാനം ലാബാൻ ഒരു ഉപായം പ്രയോഗിച്ചു. അവന്റെ ഇളയ മകൾ റാഹേലിന്നുപകരം മൂത്ത മകളെ വിവാഹം കഴിച്ചു കൊടുത്തു.

സൃഷ്ടിയുടെ ആരംഭത്തിൽ വിവാഹത്തിനുള്ള ദൈവ പദ്ധതി ഒരു പുരുഷനു ഒരു ഭാര്യ എന്നതായിരുന്നു. ആദാമിനെയും ഹവ്വയെയും സംബന്ധിച്ചു ദൈവം പറഞ്ഞിരുന്നതു: അതുകൊണ്ടു പുരുഷൻ അപ്പനെയും അമ്മയെയും വിട്ടു പിരിഞ്ഞു ഭാര്യയോടു പററിച്ചേരും; അവർ ഏക ദേഹമായിത്തീരും (ഉൽപത്തി 2:24) എന്നാണ്.

ദൈവേഷ്ടത്തിനു വിപരീതമായി ആ കാലത്തു ഒന്നിലധികം ഭാര്യമാരെ എടുക്കുക എന്ന സമ്പ്രദായം പൊതുവായി സ്വീകരിക്കപ്പെട്ടു. ദൈവം അതിനു സമ്മതം നൽകിയില്ലെങ്കിലും ദൈവം അതു സഹിച്ചു വന്നു. യാക്കോബിന്റെ കാര്യത്തിലാണെങ്കിൽ അവൻ റാഹേലിനെ സ്നേഹിച്ചു. അതുകൊണ്ട് അവൻ അവളെ തിരഞ്ഞെടുത്തു. അവൻ അവളെ മാത്രമെ വിവാഹം കഴിക്കുമായിരുന്നുള്ളു. ഏഴു വർഷത്തോളം അവൻ അവളോടുള്ള ഉടമ്പടിയിൽ തന്നെ നിലനിന്നു. തന്റെ മണവാട്ടി റാഹേൽ ആയിരിക്കും എന്ന ഉത്തമമായ വിശ്വാസത്തോടു കൂടെയാണ് അവൻ അത്രയും കാലം കാത്തിരുന്നതു. ആ ഒരു ലക്ഷ്യത്തോടെയാണ് അവൻ വിവാഹത്തിലേക്കു പ്രവേശിക്കുന്നതും. എന്നാൽ സംഭവിക്കുന്നതു അവന്റെ മനസ്സിൽ പോലും ചിന്തിക്കാത്ത കാര്യമാണ്. നേരം വെളുത്തപ്പോൾ അതു ലേയാ എന്നു കണ്ടു അവൻ ലാബാനോടു നീ എന്നോടു ചെയ്തതു എന്തു? റാഹേലിനുവേണ്ടിയല്ലയോ ഞാൻ നിന്നെ സേവിച്ചതു? നീ എന്തിനു എന്നെ ചതിച്ചു എന്നു പറഞ്ഞു (ഉൽപത്തി 29:25).

ലാബാന്റെ വിവരണമെന്തെന്നാൽ അവരുടെ സമ്പ്രദായമനുസരിച്ച് മൂത്ത മകൾ നിൽക്കുമ്പോൾ ഇളയ മകളെ വിവാഹം ചെയ്തുകൊടുക്കുന്നതു യോഗ്യമല്ല എന്നതായിരുന്നു. വീണ്ടും ഒരേഴുവർഷം കൂടെ അവൻ ലാബാനെ സേവിച്ചാൽ റാഹേലിനെ അവനു ഭാര്യയായി കൊടുക്കാമെന്നു അവൻ നിർദ്ദേശിച്ചു. യാക്കോബ്, റാഹേലിനെ അത്രക്കു സ്നേഹിച്ചതുകൊണ്ട് യാക്കോബ് ആ നിർദ്ദേശം അംഗീകരിച്ചു.

ബഹുഭാര്യാത്വം പരിശീലിച്ചതുകൊണ്ടുണ്ടായ അനന്തരഫലങ്ങൾ സംഭവിച്ചതു എന്തായിരുന്നു ? അവർ സന്തോഷമുള്ള വലിയ കുടുംബമായി ജീവിച്ചോ ? ഇല്ല. യാക്കൊബ് ലേയയെക്കാൾ റാഹേലിനെ സ്നേഹിച്ചു എന്നാണ് ബൈബിൾ വ്യക്തമാക്കുന്നത് (ഉൽപത്തി 29:30). അവൻ തിരഞ്ഞെടുത്തതു റാഹേൽ ആയിരുന്നതു കൊണ്ട് സ്വാഭാവികമായും അങ്ങനെയേ സംഭവിക്കയുള്ളു. എന്നാൽ ഇതു അസൂയക്കു കാരണമായിത്തീർന്നു. അധികം സ്നേഹിക്കപ്പെടാതിരുന്ന ലേയ ഒരു മകനെ പ്രസവിച്ചു. അവൾ അവനു രൂബേൻ എന്നു പേരിട്ടുകൊണ്ടു പറയുന്നു: ''യഹോവ എന്റെ സങ്കടം കണ്ടു; ഇപ്പോൾ എന്റെ ഭർത്താവ് എന്നെ സ്നേഹിക്കും'' (ഉൽപത്തി 29:32). സ്നേഹിക്കപ്പെടാത്ത ഒരു ഭാര്യയുടെ ധർമ്മസങ്കടം അവളുടെ പ്രസ്താവനയിലുണ്ട്. രണ്ടാമതും ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു ''ഞാൻ അനിഷ്ടം എന്നു യഹോവ കേട്ടതുകൊണ്ടു ഇവനെയും എനിക്കു തന്നു എന്നു പറഞ്ഞ് അവനു ശിമെയോൻ എന്നു പേരിട്ടു.

താൻ യാക്കൊബിനു മക്കളെ പ്രസവിക്കുന്നില്ല എന്നു റാഹേൽ കണ്ടു തന്റെ സഹോദരിയോടു അസൂയപ്പെട്ടു യാക്കോബിനോടു: എനിക്കു മക്കളെ തരേണം; അല്ലെങ്കിൽ ഞാൻ മരിച്ചുപോകും എന്നു റാഹേൽ പറഞ്ഞു (ഉൽപത്തി 30:1). അതുപോലെയുള്ള വേദനയും വൈകാരിക യാതനയുമാണ് ഈ സഹോദരിമാരുടെ വാക്കുകളിൽ നാം കാണുന്നതു.

വർഷങ്ങൾ കടന്നുപോയപ്പോൾ ഈ സ്ത്രീകൾ രണ്ടും അവരുടെ ദാസിമാരെ യാക്കോബിനു നൽകി അവർക്കുണ്ടാകുന്ന മക്കൾ തങ്ങളുടേതായിരിക്കും എന്നു അവകാശപ്പെടുകയും ചെയ്തു. ഇതും ആ കാലയളവിൽ ഒരു പരിശീലനമായിമാറി. അവസാനം റാഹേൽ യോസേഫിനു ജൻമം നൽകയും അവൻ യാക്കോബിനു പ്രിയ മകനായി മാറുകയും ചെയ്തു. കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ ബെന്യാമീനു ജൻമം നൽകിയശേഷം റാഹേൽ മരിച്ചു പോയി.

ബഹുഭാര്യാത്വം ഇടകലർന്നപ്പോൾ, യാക്കോബ്, ലേയ, റാഹേൽ അവരുടെ മക്കൾ എന്നിവരിൽ അസൂയ, പ്രിയം, മൽസരം എന്നിവ മാറി മാറി അനുഭവപ്പെട്ടു. അതു സന്തോഷമാണോ ദുഃഖമാണോ അവരുടെ ജീവിതത്തിൽ നേരിട്ടതു ? ഈ ഭാര്യമാർക്കു അവരുടെ ഭർത്താക്കൻമാരിലും മക്കളിലും എന്തു സ്വാധീനമാണ് ചെലുത്താൻ കഴിഞ്ഞത് ? മാനസികമായി അവർക്കു സ്വാസ്ഥത കിട്ടിക്കാണുകയില്ല. അവർ സ്വീകരിച്ച ജീവിതമാർഗ്ഗത്തിലെ അപാകതയുടെ ഫലം അവരെ അനുഗമിച്ചുകൊണ്ടിരുന്നു.

മററു കാലങ്ങളിലും ഇതുപോലെയുള്ള സംഭവം ഉണ്ടായിട്ടുണ്ട്. പിന്നീടുള്ള ഭാഗങ്ങൾ വായിക്കുമ്പോൾ അവർ വൈകാരികമായി എത്രത്തോളം വിഷമം നേരിട്ടു എന്നും അവരുടെ കണ്ണുനീർ തോരാതിരുന്നു എന്നും കാണപ്പെടുന്നു. ദൈവവഴിയാണ് ഏററവും നല്ല വഴിയെന്നു അനുഭവത്തിലൂടെ അവർ മനസ്സിലാക്കി.

ഇന്നും ഈ ദൃഷ്ടാന്തങ്ങൾ നമ്മെ പഠിപ്പിക്കുന്നതു മറെറാന്നുമല്ല. നമ്മുടെ ജീവിതം ശോഭനമാകണമെങ്കിൽ ദൈവകൽപനപ്രകാരമുള്ള ഒന്നാണെങ്കിൽ ഭർത്താക്കൻമാർക്കും മക്കൾക്കും ഒരുപോലെ സന്തോഷം ഉണ്ടാക്കുന്നവരായിരിക്കും നാം.

★

ലിൻസിമോൾ

പല്ലവം വെല്ലുമാ പൂമേനിയോമന,
തെന്നിളം കാററിൽ കളിക്കുന്നു കേഴുന്നു.
അമ്മിഞ്ഞപാൽനുര കിള്ളികൊടുക്കുന്നു,
കുഞ്ഞിളം മാനോനൂരയുന്നു പാൽമുന.

കള്ളയുറക്കം നടിക്കുന്ന തേൻമൊഴി,
തേടുന്നു തൊട്ടിലിൽ തട്ടിയും മുട്ടിയും.
തൻ മാതാമാർവ്വോടണയ്ക്കുന്നു കുട്ടിയെ,
കൊഞ്ചുന്നു തൊട്ടിലിലാട്ടുന്നതെപ്പഴും.

റാമയിലെന്തിനു കേഴുന്നതെപ്പഴും,
മക്കളെ ചൊല്ലി കരയുന്നൊരമ്മയും.
കാലം കടക്കും മുൻ കാലികളാക്കുവാൻ,
വെമ്പൽ പിടിക്കുന്നു ഏരോദുമന്നേരം.

മറിയ സഹോദരി ഉണ്ണിയെ കണ്ടിട്ടു,
വിമ്മികരയുന്നു ദുഃഖം ചുമക്കുന്നു.
ദൂതൻ പറഞ്ഞതു സത്യമെന്നന്നേരം,
ഓർത്തു മനസ്സിൽ ഒതുക്കിപതുക്കവേ.

മിന്നുന്ന വാളിന്റെ വായ്ത്തലയ്ക്കന്നേരം
തെററിയൊഴിയാനിടയായതോർക്കുകിൽ,
ചൊവ്വുള്ള പാതയിൽ ദീപം തെളിക്കുവാൻ,
കുഞ്ഞാടു ഭൂമിയിൽ ശേഷിച്ചതോർക്കുകിൽ.

ആശ്ചര്യം കൂറുന്നു ലിൻസിമോളന്നേരം,
തൊട്ടിലിലും പിന്നെ കട്ടിത്തറയിലും.
നീന്തി വലിയുന്നു കാഴ്ചകൾ കാണുന്നു,
നേരം വരുമ്പോൾ കരയുന്നു തേൻമൊഴി.

★

# നിങ്ങളോടു തന്നെ പറയുക

## W. A. ഹോളി

പലപ്പോഴും നാം മററുള്ളവരോടു പലതും പറയാറുണ്ട്. പക്ഷെ നമ്മുടെ ജീവിതത്തിൽ വ്യക്തിപരമായി നമ്മോടു തന്നെ സംസാരിക്കുന്ന സമയങ്ങൾ ഉണ്ടായിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനു ആരംഭമിടുക. സങ്കീർത്തനക്കാരൻ നമുക്കു മാതൃക കാണിച്ചുതരുന്നു. ''എൻെറ പാറയും എൻെറ വീണ്ടെടുപ്പുകാരനുമായ യഹോവേ, എൻെറ വായിലെ വാക്കുകളും എൻെറ ഹൃദയത്തിലെ ധ്യാനവും നിനക്കു പ്രസാദമായിരിക്കുമാറാകട്ടെ'' (സങ്കീർത്തനം 19:14).

ഒരാളുടെ ജീവിതം വിശ്വാസത്തിൽ ശക്തമാകുമ്പോൾ ശാന്തമായി കടന്നുവരുന്ന അൽഭുതകരമായ അനുഗ്രഹങ്ങൾ നമ്മെ ഉറപ്പിക്കുന്നവയാണ്. സങ്കീർത്തനം 23-ൽ ദാവീദിൻെറ കീർത്തനത്തിൽ പൊങ്ങിനിൽക്കുന്ന ''ഞാൻ, എൻെറ, എന്നെ'' എന്ന പ്രയോഗങ്ങൾ ദൈവത്തോടുള്ള അവൻെറ അടുത്ത ബന്ധത്തേയും അവനിൽ വസിക്കുന്ന ദൈവത്തിൻെറ അനുഗ്രഹത്തെയും തുറന്നു കാണിക്കുന്നു.

**മനുഷ്യൻ** തൻെറ **മനസിൽ** കണക്കു കൂട്ടുന്നതു പോലെയാകുന്നു (സദൃശവാക്യങ്ങൾ 23:7). തടവിൽ കിടന്നു പരിചയമുള്ളവർക്കു മാത്രമെ അവിടെ കഴിയുന്നവരുടെ വേദന വിവരിക്കാൻ കഴികയുള്ളു. സുവിശേഷ പ്രചരണം നടത്തിയ കുററം ചുമത്തി തടവിലാക്കപ്പെട്ട പൌലൊസ് തടവിൽ കിടന്നുകൊണ്ടു പറയുന്നു. ''എന്നെ ശക്തമാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു (ഫിലിപ്പിയർ 4:13).

★

(ശേഷം അടുത്ത ലക്കത്തിൽ)

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ. ഇരിട്ടി

## 7. ലവൊദിക്യ സഭ (വെളി. 3:14-22).

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ഇത്തരത്തിലുള്ള കപടതയിൽ ജനമെല്ലാം ഇന്നു കുടുങ്ങിയിരിക്കുകയാണ്. യേശുക്രിസ്തുവിനെ തിരുവചനത്തിലൂടെ യഥാർത്ഥമായി അറിയാതെയും അവന്റെ കൽപനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി ജീവിക്കാതെ മനക്കോട്ടകൾ പടുത്തുയർത്തുന്നവർ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിങ്കൽ നിർഭാഗ്യവാൻമാരായിത്തീരുകയും ലജ്ജിക്കുകയും ചെയ്യും. യേശുക്രിസ്തുവിനെ അവന്റെ വചനങ്ങളിലൂടെ സത്യമായി അറികയും അവനെ പൂർണ്ണഹൃദയത്തോടെ ആരാധിക്കുകയും ചെയ്യുന്നവരാണ് ഭാഗ്യവാൻമാർ. "യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ" (സങ്കീ. 34:8).

അറിയേണ്ടതിനെ യഥാർത്ഥമായി അറിയുകയും കാണേണ്ടതിനെ സത്യമായി തന്നെ കണ്ടെത്തുകയും ചെയ്യുന്നത് എത്ര ഭാഗ്യകരമായ ഒന്നാണ്. യേശുക്രിസ്തു ലോകത്തോട് അരുളി ചെയ്യുന്നത് "നിങ്ങൾ കാണുന്നതിനെ കാണുന്ന കണ്ണു ഭാഗ്യമുള്ളത്" (ലൂക്കോ. 10:23). "യജമാനൻ വരുമ്പോൾ ഉണർന്നിരിക്കുന്നവരായി കാണുന്ന ദാസൻമാർ ഭാഗ്യവാൻമാർ" (ലൂക്കോ. 12:37). "ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവനും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാൻമാർ" (വെളിപ്പാട് 1:3).

''തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ'' (വെളി. 16:15). ദൈവ ഇഷ്ടത്തിന് എതിരായി ജീവിക്കുന്നവരും യേശുക്രിസ്തുവിന്റെ കൽപനകളെയും ഉപദേശങ്ങളെയും അനുസരിക്കാതെയിരിക്കുന്നവരും എല്ലാം നിർഭാഗ്യവാൻമാരാണ്. നിത്യമായ മരണത്തിന് കാരണമായ പാപത്തിൽ നിന്നും മോചനം നേടുവാൻ ആഗ്രഹിക്കാത്ത ഓരോരുത്തരും നിർഭാഗ്യവാന്മാരുടെ പട്ടികയിൽ ഉൾപ്പെട്ടവരാണ്. ദൈവവചനപ്രകാരം പാപമോചനം പ്രാപിക്കാത്തവരുടേയും, ക്രിസ്തീയസമുദായങ്ങളുടേയും മററെന്തിന്റേയും നിർഭാഗ്യകരമായ അവസ്ഥയെ കർത്താവ് ലവൊദിക്യ സഭയിലൂടെ നോക്കി കാണുകയാണ്. ''അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ ! ഈ മരണത്തിന്നു അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും ?'' (റോമ. 7:24). വളരെ ഹീനവും കഷ്ടതയും നിറഞ്ഞ ഒരവസ്ഥയത്രെ അരിഷ്ടത. അവർ ശവക്കുഴിയിൽ കിടക്കുന്ന ഹതൻമാരെ പോലെ മരിച്ചവരുടെ കൂട്ടത്തിൽ അവരെ എണ്ണിയിരിക്കുകയാണ്. അരിഷ്ടതയിൽ കിടക്കുന്നവരെ സകലരും വെറുക്കുകയും, ദൈവം അവരെ മറന്നു കളയുകയും ചെയ്തിരിക്കുന്നു.

ഒരവസരത്തിൽ മോശയുടെ ഭാര്യ, മിര്യാമും അവന്റെ സഹോദരൻ അഹരോനും മോശയോടു വിരോധമായി സംസാരിച്ചു. എന്നാൽ മോശ ഭൂമിയിലുള്ള സകല മനുഷ്യരിലും അതിസൌമ്യവാനായിരുന്നു. ''യഹോവ മോശെ മൂഖാന്തരം മാത്രമേ അരുളിച്ചെയ്തിട്ടുള്ളുവോ ? ഞങ്ങൾ മുഖാന്തരവും അരുളിച്ചെയ്തിട്ടില്ലയോ ?'' അവരുടെ ആക്ഷേപം യഹോവ കേട്ടു. യഹോവ മോശെയോടു കൽപിച്ചു. ''നിങ്ങൾ മൂവരും സമാഗമനകൂടാരത്തിങ്കൽ വരുവിൻ'' അവർ മൂന്നു പേരും സമാഗമനകൂടാരത്തിങ്കൽ ചെന്നു. യഹോവ മേഘസ്തംഭത്തിൽ ഇറങ്ങി കൂടാരവാതില്ക്കൽ നിന്നു. അഹരോനെയും മിര്യാമിനെയും

വിളിച്ചു, യഹോവ അവരോടു അരുളിച്ചെയ്തത് '' നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകൻ ഉണ്ടെങ്കിൽ യഹോവയായ ഞാൻ അവന്നു ദർശനത്തിൽ എന്നെ വെളിപ്പെടുത്തുകയും സ്വപ്നത്തിൽ അവനോടു അരുളിച്ചെയ്കയും ചെയ്യും. എന്റെ ദാസനായ മോശെയോ അങ്ങനെയല്ല, അവൻ എന്റെ ഗ്രഹത്തിൽ ഒക്കെയും വിശ്വസ്തൻ ആകുന്നു. അവനോടു ഞാൻ അരുളിച്ചെയ്യുന്നത് മറപൊരുളായിട്ടല്ല അഭിമുഖമായിട്ടും സ്പഷ്ടമായിട്ടും അത്രേ; അവൻ യഹോവയുടെ രൂപം കാണുകയും ചെയ്യും. അങ്ങനെയിരിക്കെ നിങ്ങൾ എന്റെ ദാസനായ മോശെക്കു വിരോധമായി സംസാരിപ്പാൻ ശങ്കിക്കാഞ്ഞതു എന്തു? യഹോവ ഇപ്രകാരം അരുളിച്ചെയ്തതിനുശേഷം ഉടനെ ദൈവത്തിന്റെ കോപം അവരുടെ നേരെ ജ്വലിച്ചു, മിര്യാം ക്ഷണത്തിൽ ഹിമം പോലെ വെളുത്തു. കുഷ്ഠരോഗിണിയായി തീർന്നു. ഉടനെ അഹരോൻ മോശെയോടു കേണപേക്ഷിച്ചു. ''അയ്യോ യജമാനനേ, ഞങ്ങൾ ഭോഷത്വമായി ചെയ്തു പോയ ഈ പാപം ഞങ്ങളുടെ മേൽ വെക്കരുതേ. അമ്മയുടെ ഗർഭത്തിൽ നിന്നു പുറപ്പെടുമ്പോൾ മാംസം പകുതി അഴുകിയിരിക്കുന്ന ചാപിള്ളയെപ്പോലെ ഇവൾ ആകരുതേ എന്നു പറഞ്ഞു. ''മോശെ അവളെ സൌഖ്യമാക്കുന്നതിന് ദൈവത്തോടു നിലവിളിച്ചു. എങ്കിലും മിര്യാമിനെ ഏഴു ദിവസം പാളയത്തിനു പുറത്തു ആക്കി അടെച്ചിട്ടു. മിര്യാമിനു വന്നു ഭവിച്ച അരിഷ്ടത എത്ര ഭയങ്കരമാണ്. ഒന്നു ഓർത്തു നോക്കൂ ! സ്ത്രീജനത്തിന് ഇതൊരു സൂചനയായിരിക്കട്ടെ!! ചിലർ പെട്ടെന്ന് അറിഞ്ഞോ അറിയാതെയോ അഹങ്കാരം കൊണ്ടോ—ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട്, അവന്റെ ശുശ്രൂഷക്ക് ആക്കിവെച്ചിരിക്കുന്ന കർത്തൃദാസൻമാരുടെ നേരെ ശകാരവാക്കുകൾ കോരിച്ചൊരിയുകയും നിന്ദ്യമായ മനോഭാവം കാണിക്കുകയും ചെയ്യാറുണ്ട്. അത് വെറും ഭോഷത്വവും, പാപവും തൻമൂലം ദൈവകോപം വരുത്തിവെക്കുകയും ആകുന്നു.

കർത്തൃദാസൻമാരുടെ ഭാര്യാപദവിയിലായിരിക്കുന്ന സ്ത്രീകരം ആയിരുന്നാൽ തന്നെയും; അവർ പ്രസ്തുത പദവിയെ കളങ്കപ്പെടുത്തുകയും യേശുക്രിസ്തുവിനെ നിന്ദിക്കുകയും ചെയ്യുന്നതിന് തുല്യമാണ്. അവർ ദൈവ കോപത്തിന് ഇരയായി തീരുകയും ചെയ്യുന്നു എന്ന് ഓർത്തുകൊള്ളട്ടെ !

"ലോകജീവിതത്തിൽ മാത്രമുള്ള ഒരു പ്രത്യാശയാണ് ക്രിസ്തുയേശുവിൽ നിങ്ങരംക്ക് ഉള്ളതെങ്കിൽ, നിങ്ങരം സകല മനുഷ്യരിലും അരിഷ്ടൻമാരത്രേ"

(1 കൊരി. 15:19).

★

(ശേഷം അടുത്ത ലക്കത്തിൽ)

# പ്രവാചകൻ

**J. ഫ്രാൻസീസ്**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

## ഹോശേയ

ഏദോം അഹങ്കരിച്ചപ്പോരം അവർക്കു നൽകുവാൻ പോകുന്ന ശിക്ഷയെ കുറിച്ചു ദൈവം ഓബദ്യാവ് മുഖാന്തരം അറിയിച്ചു (1-ാം അദ്ധ്യായം).

നിനെവേയിലെ ജനം ദുഷ്ടതയിൽ ജീവിച്ചപ്പോരം അവരുടെ തെററുകളെ ചൂണ്ടികാണിച്ചു ദൈവത്തിൽ നിന്നും വരുവാൻ പോകുന്ന ശിക്ഷയെ കുറിച്ചു അവിടെ ചെന്നു പ്രസംഗിക്കുവാൻ അമിത്ഥായുടെ മകനായ യോനായെ ദൈവം അരുളപ്പാടിലൂടെ നിയമിച്ചു. എന്നാൽ

നിനെവേയിലേക്കു പോകേണ്ട യോനാ തർശീശിലേക്കു കപ്പൽ കയറി. കപ്പൽ യാത്രയിൽ കടൽ ക്ഷോഭിച്ചു. കപ്പൽ മുങ്ങുവാൻ തുടങ്ങി. അവർ എല്ലാം അവരവരുടെ ദൈവത്തെ വിളിച്ചു. എന്നിട്ടും സമുദ്രം ശാന്തമായില്ല. കപ്പൽ പ്രമാണി പറഞ്ഞതനുസരിച്ചു നാശത്തിനുള്ള കാരണക്കാരനെ കണ്ടെത്തുവാനായി അവർ ചീട്ടിട്ടു. യോനാക്കു ചീട്ടു തിരിഞ്ഞു. യോനാ അപേക്ഷിച്ച പ്രകാരം അവർ അവനെ കടലിൽ എറിഞ്ഞു. ദൈവം കൽപിച്ചരുളിയ പ്രകാരം ഒരു മഹാമത്സ്യം യോനായെ വിഴുങ്ങി. കടൽ ശാന്തമായി. കപ്പൽ യാത്ര തുടങ്ങി. യോനാ മൂന്നു രാവും മൂന്നു പകലും മത്സ്യത്തിന്റെ വയറ്റിൽ പാർത്തു (1:1-17).

യോനാ അവിടെ മിണ്ടാതിരുന്നില്ല. നിരാശനായില്ല. ദൈവത്തെ പഴിച്ചില്ല. രക്ഷപ്പെടുവാൻ അവൻ ദൈവത്തെ തീക്ഷ്ണമായി വിളിച്ചപേക്ഷിച്ചു. ദൈവം അവന്റെ വിളി കേട്ടു. മത്സ്യത്തോടു ആജ്ഞാപിച്ചു. മൂന്നാം ദിവസം മത്സ്യം കരക്കു അടുത്തു അവനെ ഛർദിച്ചു കളഞ്ഞു (2:1, 10). ദൈവം വീണ്ടും അവനോടു ആജ്ഞാപിച്ചു നിനെവേയിലേക്കു പോകുവാൻ. അവൻ അൽപം പോലും മടിക്കാതെ അനുസരിച്ചു. അവൻ നിനവേയിൽ എത്തി അവരുടെ തെറ്റുകളെയും നാശത്തെയും കുറിച്ചു പ്രസംഗിച്ചു. പ്രസംഗം കേട്ട അവർ മനംനൊന്തു ദൈവത്തിലേക്കു തിരിഞ്ഞു. അവരുടെ തെറ്റുകൾക്കായി അവർ ഉപവസിച്ചു. രട്ടുടുത്തു. രാജാവു പോലും അതു ചെയ്തു. കാരുണ്യവാനായ ദൈവം അവരിൽ കനിഞ്ഞു. അവർക്കു നൽകുവാൻ നിശ്ചയിച്ചിരുന്ന അനർത്ഥം ഒഴിവാക്കി കൊടുത്തു (3-ാം അദ്ധ്യായം).

എന്നാൽ അവർക്കു വരുത്തുവാൻ തീരുമാനിച്ചിരുന്ന അനർത്ഥം ഒഴിവാക്കി കൊടുത്തതിൽ അവൻ ദൈവത്തോടു കോപിച്ചു. ദൈവം അവനെ ശാന്തനാക്കി. അനുതപിക്കുന്ന പാപികളുടെ തെറ്റുകൾ നിർമ്മൂലമാക്കി രക്ഷിക്കുവാൻ തൽപരനാണു ദൈവം എന്നു ഉദാഹരണ സംഭവങ്ങളിലൂടെ യോനാക്കു വെളിപ്പെടുത്തികൊടുത്തു.

(4-ാം അദ്ധ്യായം).

യോഥാം, ആഹാസ്, യെഹിസ്ക്കീയാവു എന്നീ യഹൂദ രാജാക്കൻമാരുടെ കാലത്തു മോരസ്ത്യനായ മീഖെ ശമര്യയേയും യെരൂശലേമിനെയും കുറിച്ചു ദർശിച്ച യഹോവയുടെ അരുളപ്പാട് ഇപ്രകാരമായിരുന്നു (1:1).

അവർ പരസ്പരം തിൻമ പ്രവർത്തിച്ചു (2:1). തലവൻമാർ സമ്മാനം വാങ്ങി ന്യായം വിധിക്കുന്നു. പുരോഹിതൻമാർ കൂലി വാങ്ങി ഉപദേശിക്കുന്നു. പ്രവാചകൻമാർ പണം വാങ്ങി ലക്ഷണം പറയുന്നു. എന്നിട്ടും യഹോവ നമ്മുടെ ഇടയിൽ ഇല്ലയോ? അനർത്ഥം നമുക്കു വരികയില്ലാ എന്നു പറയുന്നു (3:11). ഇന്നും ക്രിസ്ത്യാനികൾ എന്നു അഭിമാനിച്ചു നടക്കുന്ന പലരും ചെയ്യുന്നതും ഇതു തന്നെയാണ്. ഇപ്രകാരം ദൈവത്തിൽ നിന്നും അകന്നു ജീവിക്കുന്നവരെ പൂർണ്ണമായി നശിപ്പിക്കുമെന്നു തുടർന്നുള്ള അദ്ധ്യായങ്ങളിൽക്കൂടി അവൻ വെളിപ്പെടുത്തുന്നു.

യോനാ പ്രവാചകന്റെ കാലശേഷം നിനെവേയെ കുറിച്ചു പ്രവചിച്ച വ്യക്തിയാണു നഹൂം. അന്നു അവർ വീണ്ടും ദൈവത്തിൽ നിന്നും അകന്നു. ദൈവം തീഷ്ണതയുള്ളവനാണെന്നും, തന്റെ വൈരികളോടു പ്രതികാരം ചെയ്യുന്നവനാണെന്നും, തന്റെ ശത്രുക്കൾക്കായി ക്രോധം സംഗ്രഹിക്കുകയും ചെയ്യുന്നവനാണെന്നും അവൻ അവർക്കു വെളിപ്പെടുത്തി കൊടുത്തു. അവൻ ദീർഘക്ഷമയും മഹാശക്തിയും ഉള്ളവനാണെന്നും, തന്നിൽ നിന്നും

അകന്നുപോകുന്നവരെ ഒരിക്കലും ശിക്ഷിക്കാതെ വിടുകയില്ലായെന്നും അവർക്കു ഉപദേശിച്ചുകൊടുത്തു (1:1, 2). അവനിൽ ആശ്രയിക്കുന്നവരെ അവൻ അറിയുന്നു അവരെ അവൻ സംരക്ഷിക്കുന്നു (1:7). ദൈവത്തിന്റെ ശക്തിയേയും മനുഷ്യന്റെ തെററുകളെയും അവൻ ചൂണ്ടി കാണിച്ചു. മനുഷ്യരെ ദൈവത്തിന്റെ അടുക്കലേക്കു ചെല്ലുവാൻ പ്രേരിപ്പിച്ചു.

ഹബെക്കൂക്ക് പ്രവാചകന്റെ കാലത്തു ദൈവജനം ന്യായം തള്ളികളഞ്ഞു. ദുഷ്ടൻ നീതിമാനെ വളഞ്ഞു. അതുകൊണ്ടു ന്യായം വക്രതയായി വെളിപ്പെട്ടു. അതു ദൈവം സഹിച്ചില്ല. പീഡിപ്പിക്കുവാനായി ദൈവം അവരെ ജാതിയായ കൽദയരെ ഏൽപിച്ചു (1:4, 6). എന്നാൽ നീതിമാൻ വിശ്വാസത്താൽ ജീവിച്ചിരിക്കുമെന്നു അവൻ വെളിപ്പെടുത്തി. കാരണം ദൈവം ഒരിക്കലും അവനെ തള്ളുകയില്ല (2:4). അതിനാൽ അവൻ ഏററു പറഞ്ഞു യഹോവയായ കർത്താവ് എന്റെ ബലം ആകുന്നുവെന്നു (3:19).

ഈ ലേഖനത്തിലൂടെ നിങ്ങൾ പല പ്രവാചകൻമാരേയും പരിചയപ്പെട്ടു, അവർ ദൈവത്തെ അനുസരിച്ചു. ഭയപ്പെട്ടു. ദൈവത്തിന്റെ അരുളപ്പാട് വ്യക്തമായി ഒന്നും വിട്ടുപോകാതെ കൂട്ടിചേർക്കാതെ ജനങ്ങളെ അറിയിച്ചു. അവർ ദൈവത്താൽ പുകഴ്ത്തപ്പെട്ടു. എന്നാൽ ഇന്നു ദൈവത്തിന്റെ പ്രതിനിധികൾ എന്നു അവകാശപ്പെടുന്ന പലരും അപ്രകാരം ചെയ്യുന്നുണ്ടോ ഇല്ലയോ എന്നു വായനക്കാർ വിലയിരുത്തട്ടെ. അപ്രകാരം ചെയ്യുന്നില്ലായെങ്കിൽ അവർ ആരുടെ പ്രതിനിധികൾ എന്നു നിങ്ങൾ തന്നെ തീരുമാനിക്കൂ.

★

അവസാനിച്ചു.

# എന്തുകൊണ്ടു ആദ്യപാഠങ്ങൾ പ്രസംഗിക്കണം ?

**വാൽഡിയോൻ ലംഗ്ഷീൽഷ്**

ഈ ലേഖകനോടു മറ്റൊരു ക്രിസ്ത്യാനി നടത്തിയ സംഭാഷണത്തിൽ ഇപ്രകാരം പറയുകയുണ്ടായി. ''ആദ്യ പാഠങ്ങൾ ഒരിക്കലും പ്രസംഗ പീഠത്തിൽ കയറി പ്രസ്താവിക്കപ്പെടുന്നതല്ല''. അതിനു അദ്ദേഹം എബ്രായർ 6:1-2 വരെയുള്ള വാക്യങ്ങൾ ഉദ്ധരിക്കുകയുണ്ടായി. ''അതുകൊണ്ടു നിർജ്ജീവ പ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെപ്പു, മരിച്ചവരുടെ പുനരുത്ഥാനം, നിത്യ ശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യ വചനം വിട്ടു പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്കുക''.

എബ്രായലേഖകൻ എല്ലാ സ്ഥലത്തുമുള്ള ക്രിസ്തുവിന്റെ സഭയോടു മുഴുവനായി പറയുന്ന ഒന്നാണോ ഇതു? അടിസ്ഥാനപരമായ സത്യങ്ങൾ കേട്ടു കഴിഞ്ഞിട്ടും അതിൽ നിന്നും വളരുവാൻ ശ്രമിക്കാത്തവരോടു സംസാരിക്കുകയാണ് എഴുത്തുകാരൻ. പക്വത പ്രാപിക്കുവാനായി കൂടുതൽ അറിവ് ആവശ്യമാണ്. കേട്ടതു തന്നെ അല്ലെങ്കിൽ പഠിച്ചതു തന്നെ വീണ്ടും വീണ്ടും ആവർത്തിച്ചുകൊണ്ടിരുന്നാൽ വളർച്ച വരുന്നില്ല. ഒരു കെട്ടിടത്തിന് അടിസ്ഥാനം ഇടുന്നതുപോലെ ആരംഭത്തിൽ അടിസ്ഥാനപരമായ ഉപദേശങ്ങൾ ഉറപ്പിനായി കൊടുക്കണം. സഭയുടെ

നിലനിൽപിനു അടിസ്ഥാനതത്വങ്ങൾ അത്യന്താപേക്ഷിതമാണ്. ഒരിക്കൽ അതു പ്രസംഗിച്ചു കഴിഞ്ഞാൽ പിന്നെ അവയ്ക്കു പുറമെയുള്ള അറിവുകൾ പലതും ആവശ്യമാണ്. പൂർണ്ണമായ അറിവ് ഏതു കാര്യത്തിലും വേണം. ദൈവീകമായ അറിവിലും നാം തികവുള്ളവർ ആകണം. ഏതൊരു ഇടവകക്കും ആത്മീയ വളർച്ച കാണുന്നില്ലെങ്കിൽ അതിന്റെ ഒരു കുറവു ഈ കാരണത്താൽ തന്നെ എന്നു പറയാം. എല്ലാ ഇടവകകളിലും ഇതു പഠിപ്പിക്കേണ്ടതിന്റെ ഉദ്ദേശവും വ്യക്തമാക്കിയിട്ടുണ്ട്.

ആദ്യമായി അതു ബൈബിളിൽ ഉള്ളതുകൊണ്ട് അതു പ്രസംഗിക്കണം. ദൈവവചനത്തിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാം ദൈവശ്വാസീയമാണ്. ആകയാൽ ഈ ദൈവനിയോഗത്താൽ നൽകപ്പെട്ട എഴുത്തുകൾ എല്ലാം മനുഷ്യരുടെ ഉപദേശത്തിനും ശുണീകരണത്തിനും സൽപ്രവൃത്തിക്കും വക പ്രാപിച്ച് എല്ലാവരും തികഞ്ഞവർ ആകുവാൻ തന്നിരിക്കുന്നവയാണ് (2 തിമൊഥെയോസ് 3:17). തിമൊഥെയോസിനോടു നിർദ്ദേശിച്ചതു: വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങിനിൽക്കുക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക'' (2 തിമൊഥെയോസ് 4:2). അപ്പൊസ്തലനായ പൌലോസാണല്ലൊ അവനു നിർദ്ദേശം നൽകിയതു. പൌലോസാണെങ്കിൽ നല്ലൊരു മാതൃക് കാഴ്ച്ച വെച്ചിട്ടുണ്ട്. ദൈവത്തിന്റെ ആലോചന അവൻ ഒട്ടും മറച്ചു വെക്കാതെ സംസാരിക്കയുണ്ടായി (പ്രവൃത്തി 20:27). അതുകൊണ്ട് ബൈബിളിലെ പഴയനിയമവും പുതിയ നിയമവും, പിതാക്കൻമാരുടെ ജീവിത വിവരണങ്ങൾ, ഇസ്രായേലിൻേറയും ക്രിസ്ത്യാനികളുടേയും ജീവിതരീതികൾ, പുതിയ നിയമത്തിലെ സ്നാനം, ഏകസഭ, ഉപകരണങ്ങൾ ഉപയോഗി

ക്കുന്നതിനെക്കുറിച്ചുളള ചോദ്യങ്ങൾക്കുളള ഉത്തരം എന്നിവയെല്ലാം പ്രസംഗത്തിൽ ഉൾപ്പെടുത്തണം.

രണ്ടാമതായി, പുതിയ അംഗങ്ങൾ സഭയിൽ പ്രവേശിക്കുമ്പോൾ അവരെ ഇതെല്ലാം പ്രബോധിപ്പിക്കേണ്ടതു ആവശ്യമാണ്. ഒരു ഇടവകയിൽ അടിസ്ഥാന ഉപദേശത്തിൽ വേരൂന്നിയ പഴയ അംഗങ്ങൾ മാത്രമായിരിക്കയില്ലല്ലോ. പുതിയ അംഗങ്ങൾ പരിവർത്തനം ചെയ്യപ്പെട്ടുവന്നുകൊണ്ടിരിക്കും. അപ്പോൾ സന്ദർശകരായും ആളുകൾ വന്നുകൊണ്ടിരിക്കും, അങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ ആ ഇടവക സുവിശേഷം അറിയിക്കുന്നില്ല; സത്യം പ്രസ്താവിക്കുന്നില്ല എന്നു വേണം കരുതാൻ. എങ്ങനെയായാലും സന്ദർശകർക്കും പുതുതായി ജനിച്ചപ്പോഴും അടിസ്ഥാനം ഇട്ടുകൊടുക്കാതിരുന്നാൽ കുഴപ്പമാവും. കാരണം ഉറപ്പില്ലാത്ത ഒന്നിന്മേൽ പണിയുവാൻ പ്രയാസമാകും. സത്യത്തെ യഥാർത്ഥമായി ഗ്രഹിക്കാത്തവർ മററു ഇടവകകളിൽ നിന്നു ചിലപ്പോൾ വന്നേക്കാം. അവർക്കും പത്ഥ്യോപദേശം വേണം. ഒരാൾ എന്തൊക്കെ മനസിലാക്കിയിട്ടുണ്ട് എന്ന് തിരിച്ചറിയുവാനും ആദ്യം ഈ ഉപദേശം കൊടുക്കുന്നതു ഉചിതമായിരിക്കും.

പ്രായമായവർക്കു ശിശുക്കളുടെ ആഹാരം കൊടുക്കാറില്ലല്ലോ. ശിശുക്കളായി തന്നെ എന്നും ഇരിക്കുവാനല്ല; മറിച്ച് വളരുവാനാണ് ഓരോരുത്തരും ശ്രമിക്കേണ്ടതു. പുതുതായി വരുന്നവർക്കു അരോചകമായി തോന്നാൻ പാടില്ല. കാരണം ആരെ ഉദ്ദേശിച്ചാണ് അതു പ്രസംഗിക്കുന്നതെന്ന് അവർ തിരിച്ചറിയും. സദസിൽ ഉള്ള എല്ലാവർക്കും ആത്മീയമായ വളർച്ച ഉണ്ടാകണം. പിൻമാറിപോയവർ യഥാസ്ഥാനപ്പെടുവാൻ തിരിച്ചു വന്നാലും അവർക്കും അടിസ്ഥാനപരമായ വിഷയങ്ങൾ അവരെ ഉറപ്പിച്ചുകൊടുക്കാനായി പ്രസ്താവിക്കണം. ഇതിൽ അപാകതയൊന്നുമില്ല.

പുതിയ അംഗങ്ങളിൽ തീർച്ചയായും നമ്മുടെ യുവാക്കളെ കൂടെ ഉൾപ്പെടുത്തണം. അവരിൽ പലരും അടുത്ത സമയത്തു സ്നാനമേററവരാണ്. അടിസ്ഥാനപരമായ കാര്യങ്ങൾ ക്രിസ്തീയ യുവാക്കൾക്കു ക്രിസ്തുവിന്റെ സഭയിൽ നിന്നു പഠിക്കുവാൻ കഴിയുന്നില്ലെങ്കിൽ അവർ പിന്നെ എവിടെ നിന്നു പഠിക്കാനാണ്? പല ഇടവകകളും സ്നാനത്തെക്കുറിച്ചുള്ള സത്യം, സഭയെ സംബന്ധിച്ച്, പരിശുദ്ധാത്മാവിനെക്കുറിച്ച് വചനത്തിൽ വെളിപ്പെടുത്തിയ സത്യം തുറന്നു പ്രഖ്യാപിക്കാത്തതുകൊണ്ട് പരാജയപ്പെട്ടു കഴിഞ്ഞു എന്നു പറയാം. അതു പഴയ കാല തലമുറയെ അനുസ്മരിപ്പിക്കുന്നു. അവർ യഹോവയെ അറിഞ്ഞിരുന്നില്ല എന്നു ന്യായാധിപൻമാരുടെ പുസ്തകം 2-ാം അദ്ധ്യായം 10-ാം വാക്യത്തിൽ പറയുന്നു.

മൂന്നാമതായി പകപതയുള്ളവരെ ഉപദേശിപ്പാനുള്ള സാമർത്ഥ്യവും കിട്ടും. വിശ്വാസം കേൾവിയാൽ ഉണ്ടാകുന്ന ഒന്നാണ്. കുറച്ചുമാത്രം കേട്ടാൽ വിശ്വാസം കുറവായിരിക്കും (റോമ.10:17). അനേക വർഷങ്ങൾക്കു മുൻപ് പരിശുദ്ധാത്മാവിന്റെ അടിസ്ഥാനപരമായ പ്രവർത്തനങ്ങളെ ആധാരമാക്കി ഒരു പ്രസംഗം നടത്തിയശേഷം ഒരു ശുശ്രൂഷകന്റെ ഭാര്യ വന്നു എന്നെ അഭിനന്ദിച്ചുകൊണ്ട് ഇപ്രകാരം പറയുകയുണ്ടായി "വളരെ നാളുകളായി ഇതുപോലുള്ള പ്രസംഗം ഞാൻ കേട്ടിട്ട്". പരിശുദ്ധാത്മാവിന്റെ പ്രവർത്തനരീതികൾ പലർക്കും മറന്നുപോയ അവസ്ഥ പോലെ തോന്നി അവരുടെ ആ പ്രസ്താവന കേട്ടപ്പോൾ.

നമ്മുടെ മുൻപിലുള്ള ആത്മീയ സത്യങ്ങൾ പലതും തുടർച്ചയായി ഉപയോഗിച്ചില്ലെങ്കിൽ മറന്നുപോക തന്നെ ചെയ്യും. പത്രൊസ്, തന്റെ രണ്ടാം ലേഖനം എഴുതിയതു സഹോദരൻമാരെ ഓർപ്പിച്ചുണർത്തുന്നതിനു വേണ്ടിയായിരുന്നു (2 പത്രൊ. 1:12). പത്രൊസ് രേഖപ്പെടുത്തിയതു

ഇപ്രകാരമാണ്, "പ്രിയമുള്ളവരേ ഞാൻ ഇപ്പോൾ നിങ്ങൾക്കു എഴുതുന്നതു രണ്ടാം ലേഖനമല്ലൊ. വിശുദ്ധ പ്രവാചകൻമാർ മുൻപറഞ്ഞ വചനങ്ങളും നിങ്ങളുടെ അപ്പൊസ്തലൻമാർ മുഖാന്തരം കർത്താവും രക്ഷിതാവുമായവൻ തന്ന കൽപനയും ഓർത്തുകൊള്ളേണമെന്നു ഈ ലേഖനം രണ്ടിനാലും ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തി നിങ്ങളുടെ പരമാർത്ഥ മനസ് ഉണർത്തുന്നു (2 പത്രൊ: 3:1). അടിസ്ഥാന ഉപദേശങ്ങളെ അവഗണിക്കുന്ന ഇടവകകൾ ദൈവത്തെ മറക്കുവാൻ തന്നെ ഇടയാകും. 'യിരമ്മ്യാവ് പറയുന്നതു' എന്റെ ജനം എണ്ണമില്ലാത്ത നാളായി എന്നെ മറന്നിരിക്കുന്നു'' (യിരമ്യാവ് 2:32).

ദൈവവചനം പൂർണ്ണമായി ധൈര്യസമേതം നാം എല്ലാവരോടും പ്രസ്താവിക്കണം. പറഞ്ഞതു തന്നെ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കണം എന്നല്ല പരിജ്ഞാനപൂർത്തിക്കായി ദൈവത്തിന്റെ ആജ്ഞകളും ഉപദേശങ്ങളും നാം ഒട്ടും മറച്ചുവെക്കരുതു. മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല; ദൈവത്തിന്റെ വായിൽ നിന്നു വരുന്ന സകല വചനങ്ങൾ കൊണ്ടും ജീവിക്കുന്നു എന്നാണ് കർത്താവ് അരുളിച്ചെയ്തതു (മത്തായി 4:4). മൂപ്പന്മാരെ നിങ്ങൾക്കു കീഴിലുള്ള അംഗങ്ങളെ അടിസ്ഥാനോപദേശങ്ങളും അതിചേർന്നു മററു കാര്യങ്ങളും പഠിപ്പിക്കുവാൻ ഓരോ ഉപദേഷ്ടാക്കളേയും ഉത്തേജിപ്പിക്കുക. ഉപദേഷ്ടാക്കൻമാരേ, നിങ്ങൾ ദൈവത്തിന്റെ ആദ്യപാഠങ്ങൾ ഉപദേശിക്കാൻ വിട്ടുപോകരുത്. എല്ലാ അംഗങ്ങളും കർത്താവിന്റെ ഉപദേശങ്ങൾ ഒന്നൊഴിയാതെ പ്രബോധിപ്പിക്കുവാൻ വേണ്ട ധൈര്യം ആർജ്ജിച്ചെടുക്കുക. സഹോദരൻമാരേ നിങ്ങൾ ഈ ഉപദേശങ്ങൾ ഒന്നും മറന്നു പോകാതെ, ഹൃദയത്തിൽ സൂക്ഷിക്കുക. ജീവിതത്തിൽ അതു മററുള്ളവർക്കു പകർന്നുകൊടുക്കുക.

★

FREE

# Bible Correspondence Course

## In major Indian languages

**Learn Bible At your convenience**

"The law of the Lord is perfect, Converting the soul :
The testimony of the Lo d is sure, Making the wise simple.
The statutes of the Lord are right, Rejoicing the heart:
The commandment of the Lord is pure, Enlightening the eyes.
The fear of the Lord is clean, Enduring for ever:
The judgments of the Lord are true, And righteous altogether."

**Psalms 19 : 7-9**

**ENCOURAGE YOUR FAMILY AND NEIGHBORS TO STUDY BIBLE.**

**Call or write today**

**Linguistic coordinator,**
**The Bible Correspondence Course Division,**
**13, Sainagar, Madras - 600082. India.**
**Telephone : (044) 537 - 0882.**

# The National Bible College

**EDUCATING FOR ETERNITY**

## OFFERS

Sound Bible + Indian history, law, and constitution + Financial management skills + Introduction to Computer Science. Which are the very much demanding subjects for a successful gospel preacher to a country rapidly changing both politically and culturally. Gospel preaching has no alternative other than preach the word. God's word is the hope for all !

**Faculty** - Internationally known committed men of God.
**Duration** - 30 months (semester system)
**Degree** - Bachelor of Biblical Studies
(Affiliated to the World Christian University)
**Demand** - Must be plus 2 with working knowledge of English.

## Scholarship available

**Call or write today for prospectus and other details to**
**REGISTRAR, The National Bible College,**
**13, Sainagar, Madras-600082. India.**
**Telephone : (044) 537 - 0882.**

## UNIQUE AMONG THE CROWD

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

---

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To